പോലീസ് വകുപ്പ്

കേരളം

**No. B1-19091/2017/KEPA**

കേരള പോലീസ് അക്കാഡമി,

തൃശ്ശൂർ

dirkepa.pol@kerala.gov.in

04872328770

തീയതി. 04-08-2018

**ലേല പരസ്യം**

തൃശ്ശൂർ രാമവർമ്മപുരം പോലീസ് അക്കാദമിയുടെ കെന്നൽ സ്കൂളിന് സമീപം നിന്നിരുന്ന ഒരു തേക്ക് മരം (നം.1467), സ്വിമ്മിംഗ് പൂളിന് സമീപം നിന്നിരുന്ന ഒരു തേക്ക് മരം (നം.1509), ബി ബ്ലോക്കിന് മുന്നിൽ നിന്നിരുന്ന ഒരു തേക്ക് മരം (നം. 484), അക്കാദമിയിലെ ഫയറിംഗ് ബട്ടിന് സമീപം നിന്നിരുന്ന 4 മാഞ്ചിയം മരങ്ങൾ എന്നിവ ബന്ധപ്പെട്ട അധികാരികൾ അനുവാദം നൽകിയതിൻറെ അടിസ്ഥാനത്തിൽ 27/09/2018 തീയതി പകൽ 11.00 മണിക്ക് അക്കാദമി പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന പ്രകാരം നിരതദ്രവ്യം കെട്ടിവെക്കേണ്ടതും കൃത്യസമയത്ത് ഹാജരാകേണ്ടതുമാണ്.

| ക്രമ നമ്പർ | മരത്തിൻറെ പേര് | നിരതദ്രവ്യം |
|---|---|---|
| 1 | തേക്ക് മരം (അക്കാദമിയുടെ കെന്നൽ സ്കൂളിന് സമീപം നിന്നിരുന്നത് (നം.1467)) | 30 |
| 2 | തേക്ക് മരം (അക്കാദമിയുടെ സ്വിമ്മിംഗ് പൂളിന് സമീപം നിന്നിരുന്നത് (നം.1509)) | 80 |
| 3 | തേക്ക് മരം (ബി ബ്ലോക്കിന് മുന്നിൽ നിന്നിരുന്നത് (നം. 484)) | 200 |
| 4 | മാഞ്ചിയം മരം (അക്കാദമിയുടെ ഫയറിംഗ് ബട്ടിന് സമീപം നിന്നിരുന്നത് നം. 487) | 40 |
| 5 | മാഞ്ചിയം മരം (അക്കാദമിയുടെ ഫയറിംഗ് ബട്ടിന് സമീപം നിന്നിരുന്നത് നം. 488) | 30 |
| 6 | മാഞ്ചിയം മരം (അക്കാദമിയുടെ ഫയറിംഗ് ബട്ടിന് സമീപം നിന്നിരുന്നത് നം. 489) | 40 |
| 7 | മാഞ്ചിയം മരം (അക്കാദമിയുടെ ഫയറിംഗ് ബട്ടിന് സമീപം നിന്നിരുന്നത് നം. 490) | 50 |

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ അവർ അടച്ച നിരതദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താൽകാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി ലേല തുക മുഴുവനായും (നിരതദ്രവ്യം കഴിച്ച് ബാക്കി തുക) സർക്കാർ നിശ്ചയിച്ചിട്ടുള്ള ചരക്ക് സേവന നികതിയായ 18% ഉം രണ്ടും കൂടിയുള്ള ആകെ തുകയുടെ 5% തുക ഫോറസ്റ്റ് ഡെവലപ്മെൻറ് ടാക്സ് എന്നിവ ലേല സ്ഥലത്തു വെച്ച് തന്നെ കേരള പോലീസ് അക്കാദമി കാഷ്യർ വശം അടച്ച് രസീതി കൈപ്പറ്റേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയിട്ടുള്ളതായ അറിയിപ്പ് ഈ ഓഫീസിൽ നിന്നും ലഭിച്ച് കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ലേലം കൈകൊണ്ടയാൾ സ്ഥലത്തു നിന്നും സ്വന്തം ചെലവിൽ മരം നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തികിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിയിരിക്കുന്നതുമല്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ 4 മണി വരെയുള്ള സമയങ്ങളിൽ മേൽ പറഞ്ഞ മരങ്ങൾ അക്കാദമി എസ്റ്റേറ്റ് ഓഫീസറുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. പരിശോധനക്ക് വരുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും സ്വന്തം തിരിച്ചറിയൽ രേഖ കൈവശം വെക്കേണ്ടതും ആവശ്യപ്പെട്ടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റിവെക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനും ഉള്ള അധികാരം കേരള പോലീസ് അക്കാദമി ഡയറക്ടറിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കും.

അനൂപ് കുരുവിള ജോൺ ഐ പി എസ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്
For Director

സ്വീകർത്താവ് : ലേല ബോർഡ് അംഗങ്ങൾക്കും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കമാണ്ടൻറ്മാർക്കും വേണ്ടത്ര പ്രചരണം നൽകുന്നതിനായി. തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം മേഖല സെക്രട്ടറിക്ക് 5 കോപ്പികൾ പ്രചരണത്തിനായി, ഡെപ്യൂട്ടി കമാണ്ഡൻറ് എ. ആർ. ക്യാമ്പ്, തൃശ്ശൂർ, വില്ലേജ് ഓഫീസർ, വിൽവട്ടം വില്ലേജ്, കാഷ്യർ, കേരള പോലീസ് അക്കാദമി അറിവിലേക്കും അനന്തര നടപടികൾക്കുമായി. നോട്ടിസ് ബോർഡ്, കെ. ഇ. പി. എ.